**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6136** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ഡയറക്ടർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ഒരേ ആളുകളെ ഡയറക്ടർമാരായി നിയമിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ഒരേ ആളുകളെ ഡയറക്ടർമാരായി നിയമിക്കുന്നതുമൂലം പല സംഘങ്ങളിലും മിസ് മാനേജ്മെന്റ്, ആസ്തിശോഷണം, ക്രമക്കേടുകൾ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയിൽ പുതിയ തലമുറ കടന്നുവരുന്നതിനും ആധുനികവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിനും തുടർച്ചയായി ഒരേ ആളുകൾ തുടരുന്നത് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനഭിലഷണീയമായ പ്രവണതകൾക്ക് വഴിയൊരുക്കുന്ന തരത്തിൽ ചില വ്യക്തികൾ സഹകരണ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07.06.2024 ലെ 1829 -ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024 ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 07.06.2024 ലെ No. 142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൽ വകുപ്പ് 28 (2എ) ആയി നിയമത്തിലോ ചട്ടങ്ങളിലോ ഒരു വായ്പാസംഘത്തിന്റെ ഉപനിയമങ്ങളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന്റെ കമ്മറ്റിയിലെ യാതൊരു അംഗത്തിനും, കാലാവധി പൂർണ്ണമാണോ ഭാഗികമാണോ എന്നുള്ളത് പരിഗണിക്കാതെ, തുടർച്ചയായ മൂന്നിലധികം തവണ കമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ